കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

www.lfa.kerala.gov.in

# ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
## 2017-2018

e-mail-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി12/2396/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 08.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി12/2396/2018 തീയതി – 08.02.2019

# പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-07-2017മുതൽ 20-10-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2018 മുതൽ 31-10-2018 വരെ |

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.യു.ബിജു ആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം.ശിവപ്രസാദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.കന്ദസ്വാമി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.സി.എൻ.ഷാജു ശങ്കർ | 1-4-17 മുതൽ 31-03-18വരെ |
| സെക്രട്ടറി | കെ.രാധാകൃഷ്ണൻ<br>(അസി.സെക്രട്ടറി ഇൻ ചാർജ്) | 1-4-17 മുതൽ 9-7-17 വരെ |
| | എം.സി.കുഞ്ഞഹമ്മദ് കുട്ടി | 10-7-17 മുതൽ 31-3-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | അനൂപ് വിജയൻ | 1-4-17 മുതൽ 11-10-17വരെ |
| | ശ്രീകുമാർ.എസ് | 12-10-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ | മല്ലിക.കെ.പി | 1-4-17 മുതൽ 31-3-18 വരെ |
| ICDS സൂപ്പർവൈസർ | ലതാകുമാരി കെ | 1-4-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.മുഹമ്മദ് ഷെരീഫ്.എൻ.കെ | 1-4-17 മുതൽ 31-7-17 വരെ |
| | ഡോ.യഹ്യാ ബാബു | 1-8-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മോഹനൻ | 1-4-17 മുതൽ 31-3-18വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.മുഹമ്മദ് ഹനീഫ | 1-4-17 മുതൽ 31-03-18 വരെ |
| അസി.സെക്രട്ടറി | കെ.രാധാകൃഷ്ണൻ | 1-4-17 മുതൽ 31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനീഷ് നാരായണൻ | 1-4-17 മുതൽ 31-3-18 വരെ |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 29-03-17 തിയതിയിലെ തീരുമാനം 1(2) പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25-05-2018 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06-07-2018 | No.KSA/PKD/21/1904(70)/2018 dt.29.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7935814 |
| വരവ് | 70527842 |
| ആകെ | 78463656 |
| ചെലവ് | 73023496 |
| നീക്കിയിരിപ്പ് | 5440160 |

## 1-5 ഫണ്ട് വിനിയോഗം

<table>
<tr><th colspan="2">ഫണ്ടിനം</th><th>മുന്നിരിപ്പ്</th><th>വരവ്/ അലോട്ട് മെന്റ്</th><th>ആകെ</th><th>ചെലവ്</th><th>നീക്കിയിരിപ്പ്/ ലാപ്സായ തുക</th></tr>
<tr><td colspan="2">വികസന ഫണ്ട് ജനറൽ (ACR പ്രകാരം)</td><td>0</td><td>11215000</td><td>11215000</td><td>11209113</td><td>3887</td></tr>
<tr><td colspan="2">വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം)</td><td>0</td><td>7426462</td><td>7426462</td><td>7426462</td><td>0</td></tr>
<tr><td colspan="2">വികസന ഫണ്ട് ടി.എസ്.പി (ACR പ്രകാരം)</td><td>0</td><td>41983</td><td>41983</td><td>41983</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം)</td><td>0</td><td>2134700</td><td>2134700</td><td>21177634</td><td>169366</td></tr>
<tr><td colspan="2">മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം)</td><td>0</td><td>2591000</td><td>2591000</td><td>2576376</td><td>14626</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)</td><td>0</td><td>6840648</td><td>6840648</td><td>5957034</td><td>883614</td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)</td><td>0</td><td>1376314</td><td>1376314</td><td>1376314</td><td>0</td></tr>
<tr><td colspan="2">സാക്ഷരത</td><td>9461</td><td>110650</td><td>120111</td><td>120111</td><td>0</td></tr>
<tr><td colspan="2">ടി.എസ്.സി</td><td>372957</td><td>2046616</td><td>2419573</td><td>4529</td><td>2415044</td></tr>
<tr><td colspan="2">ICDS</td><td>0</td><td>5043438</td><td>5043438</td><td>5043438</td><td>0</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>7948</td><td>321</td><td>8269</td><td>5000</td><td>3269</td></tr>
<tr><td rowspan="2">MGNREGS</td><td>തൊഴിലാളികളുടെ കൂലി</td><td>0</td><td>8128566</td><td>8128566</td><td>8128566</td><td>0</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>83813</td><td>968746</td><td>1052559</td><td>1051039</td><td>1520</td></tr>
<tr><td rowspan="2">ജോയിന്റ് വെഞ്ചർ അക്കൗണ്ട്</td><td>ബ്ലോക്ക് പഞ്ചായത്ത്</td><td>0</td><td>600000</td><td>600000</td><td>600000</td><td>0</td></tr>
<tr><td>ജില്ലാ പഞ്ചായത്ത്</td><td>0</td><td>476900</td><td>476900</td><td>476900</td><td>0</td></tr>
<tr><td colspan="2">ബി ഫണ്ട്</td><td>0</td><td>44126360</td><td>44126360</td><td>44126360</td><td>0</td></tr>
<tr><td colspan="2">ജനറൽ പർപ്പസ് ഗ്രാന്റ്</td><td>3540999</td><td>7005000</td><td>10545999</td><td>10381033</td><td>164966</td></tr>
<tr><td colspan="2">തനത് ഫണ്ട്</td><td>2969288</td><td>5050996</td><td>8020284</td><td>5317467</td><td>2702817</td></tr>
</table>

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 170505771 | 179 | 57223850 | nil | 37 | 82.87 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 1380000 | 1275000 | 92.39 |
| വി.ഇ.ഒ | 9 | 9 | 4986203 | 4846261 | 97.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4182897 | 3979417 | 95.13 |
| സെക്രട്ടറി | 17 | 11 | 6150429 | 5256253 | 85.46 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 166 | 137 | 42422427 | 31998484 | 75.42 |
| മെഡിക്കൽ ഓഫീസർ PHC | 3 | 3 | 790000 | 790000 | 100 |
| മെഡിക്കൽ ഓഫീസർ ISM | 3 | 3 | 871440 | 871440 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 5800000 | 4412500 | 76.07 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 1300000 | 1300000 | 100 |
| അസി.സെക്രട്ടറി | 7 | 6 | 2622375 | 2494495 | 95.12 |
| ആകെ | 216 | 179 | 70505771 | 57223850 | 81.16 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27360 | 53 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6354300 | 507 |
| വിധവാ പെൻഷൻ | 12790400 | 1120 |
| വാർദ്ധക്യകാല പെൻഷൻ | 19712000 | 1651 |
| വികലാംഗ പെൻഷൻ | 3398600 | 313 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1451700 | 134 |

# 1-8 ആഭ്യന്തര നിയന്ത്രണം-അപാകതകൾ പരിഹരിക്കേണ്ടതാണ്

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഇല്ല.
4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.
5. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.
6. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.
7. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.
8. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.
9. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും വരവ്-ചെലവുകൾ

ഒന്നുമില്ലാതെ നിർജ്ജീവമാണ്.

10. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടിസ്വീകരിച്ചിട്ടില്ല,

11. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല

12. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22448രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-10-2018 | 09/2018 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-08-2003മുതൽ 30-08-2003 വരെ | 1997-98 മുതൽ 2002-03വരെ | 7-11-2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ജി.ഒ. (ആർ.ടി) നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2, 2.3, 2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായൊ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് സെക്രട്ടറി ഘടക സ്ഥാപന മേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം

2. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3. ഘടക സ്ഥാപന മേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ

പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ സമർപ്പിക്കണം.

5. സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം.
6. സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം
7. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതര നിർദ്ദേശങ്ങൾ തയ്യാറാക്കണം.

എന്നാൽ അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1)). ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

<u>സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് നിശ്ചിത ഫോർമാറ്റിലല്ല.</u>

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (Status Report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതുപോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയമേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ (Status Report) തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ നിശ്ചിത ഫോർമാറ്റിലല്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിയ്ക്കാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 <u>മൊബൈൽ ടവർ-വസ്തുനികുതി ഈടാക്കിയിട്ടില്ല</u>

ഷെഡ്ഡും കുന്ന് ബാപ്പുജി പാർക്കിന് സമീപമുള്ള BSNL ഓഫീസ് കോംപൗണ്ടിൽ ഉള്ള BSNL TOWER, മണ്ണമ്പറ്റ എൻജിനിയറിങ്ങ് കോളേജിന് സമീപമുള്ള ബി.എസ്.എൻ.എൽ മാനേജ് ചെയ്യുന്ന ടവറുകൾ എന്നിവ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ

ഇവരിൽ നിന്നും ഇതുവരെയായി വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയൊ ചെയ്തിട്ടില്ല.

മേൽ ടവറുകളുടെ Installation ഫയൽ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/31.10.2018 ന് മറുപടിയായി ടി ടവറുകൾ 2004 ന് മുൻപു തന്നെ പണി തീർത്തിട്ടുള്ളവയാണെന്നും പ്രസ്തുത കാലഘട്ടത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ബി.എസ്.എൻ.എൽ ടവറിന്റെ ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നുമാണ് മറുപടി ലഭിച്ചത്.

വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള വലിയ തുക ഇതുമൂലം നഷ്ടമാകുന്നു. മേൽ ടവറുകളിൽ നിന്നും ഈടാക്കാനുള്ള വസ്തുനികുതി കുടിശ്ശികയും പിഴയുമടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 3 വർഷത്തിലധികമായി ഡിമാന്റ് ചെയ്യപ്പെടാത്ത തുക കാലഹരണപ്പെടുന്നതും അത് 12% പിഴയോടുകൂടി ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതുമാണ്.

# 2-3 ഡി അന്റ് ഓ ലൈസൻസ്-പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായൊ ടി ഭേദഗതികൾ കമ്മിറ്റിയിൽ ചർച്ച ചെയ്തതായോ കാണുന്നില്ല. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനും ആയതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/ 30.10.18) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട് .

2. പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറത്തിൽ അപേക്ഷിക്കേണ്ടതും, ചട്ടം 3(6) പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ശ്രീക്രഷ്ണപുരം ഗ്രാമപഞ്ചായത്തിൽ പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/ 30.10.18) പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതും ആയത് ഓഡിറ്റിന് ഹാജരാക്കുന്നതുമാണെന്ന് മറുപടി നല്കിയിട്ടുണ്ട്

# 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി 2017-18 ൽ ഈടാക്കിയിട്ടില്ല.

1. കെ.എസ്.ഇ.ബി, ശ്രീക്രഷ്ണപുരം, രണ്ടാം അർദ്ധവർഷം
2. BSNL.2017-18വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (ബഹു.കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധിന്യായത്തിൽ ബി.എസ്.എൻ.എൽ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.)

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/ 30.10.18) സ്ഥാപന നികുതി ഈടാക്കി, രേഖകൾ സഹിതം അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.

# 2-5 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം. സ.ഉ 151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി

രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവന നിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്.

ഈ നിർദ്ദേശത്തിനനുസൃതമായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ ഭവന നിധി രൂപീകരിച്ചിട്ടില്ല. ഭവന നിധി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 സേവന ഉപനികുതി- സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനുവദനീയമായ അളവിനേക്കാൾ കൂടുതൽ നെൽവിത്ത് വിതരണം ചെയ്തിരിക്കുന്നു. അധികം ചെലവഴിച്ച തുക തിരിച്ചടയ്ക്കണം

കൃഷി മേഖലയിൽ തൻവർഷം പ്രോജക്ട് നം. SO.198/18 പ്രകാരം സമഗ്ര നെൽകൃഷി വികസനം നടപ്പാക്കിയതിന് താഴെപ്പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| ബിൽ നം. /ചെക്ക് നം. /തീയ്യതി | തുക(രൂ.) |
|---|---|
| 1/17-18/ 25-10-2017 | 1,75,000<br>(പദ്ധതി വിഹിതം (ജനറൽ)) |
| 2/17-18/ 12-01-2018 | 5,00,000<br>(പദ്ധതി വിഹിതം (ജനറൽ)) |
| 3/17-18/ 20-01-2018 | 67,500<br>(പദ്ധതി വിഹിതം (ജനറൽ)) |
| 4/17-18/ 3-3-2018 | 7,500<br>(പദ്ധതി വിഹിതം (ജനറൽ)) |
| ചെക്ക് നം. 1762664/6-3-18 | 5,00,000<br>2,50,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>2,50,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ചെക്ക് നം. 5859653/20-10-17 | 25,000 (ഗുണഭോക്തൃ വിഹിതം |
| ആകെ | 12,75,000 |

ടി പ്രോജക്റ്റിൽ കർഷകർക്ക് നെൽവിത്ത് വിതരണം, കുമ്മായ വിതരണം, ഉഴവ്കൂലി എന്നിവയാണ് ഉൾപ്പടുത്തിയിട്ടുള്ളത്.

നെൽ വിത്ത് വിതരണത്തിനായി Kerala State Seed Development Authority യിൽ നിന്നും കിലോ ഗ്രാമിന് 40രൂ. നിരക്കിൽ 5000 കിലോഗ്രാം വിത്ത് വാങ്ങുകയും ആയതിന്റെ വിലയായി 2,00,000രൂ. 25/10/2017ൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. (Kerala State Seed Development Authority യിൽ നിന്നും രസീതി ലഭിച്ചിട്ടില്ല.)

2017-18 സാമ്പത്തിക വർഷത്തെ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം നെൽവിത്തിന് കിലോഗ്രാമിന് 60രൂ. നിരക്കിൽ ഹെക്ടറിന് 4500രൂ. വരെ സബ്സിഡി ലഭിക്കും പ്രകാരമുള്ള നെൽവിത്ത് വിതരണം ചെയ്യുന്നതിനാണ് അനുമതിയുള്ളത്. അതായത് 1 ഹെക്ടറിന് 75കിലോഗ്രാം (4500/ 60= 75) നെൽവിത്ത് ആണ് പരമാവധി സബ്സിഡി ഇനത്തിൽ നൽകാൻ സാധിക്കുക(അതായത് ഒരു ഏക്കറിന് 30 കിലോഗ്രാം) .

എന്നാൽ പല പാടശേഖര സമിതികളിലെയും കർഷകർക്ക് മേല്പറഞ്ഞ പരിധിയിലും കൂടുതൽ നെൽവിത്ത് വിതരണം നടത്തിയതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പാടശേഖര സമിതി യുടെ പേര് | കർഷകന്റെ പേര് | കൃഷി ഓഫീസർ സാക്ഷ്യ പ്പെടുത്തിയ സ്ഥല ത്തിന്റെ അളവ് | നൽകിയ നെൽ വിത്തിന്റെ അളവ് (കിലോ ഗ്രാം) | നൽകാവുന്ന നെൽ വിത്തിന്റെ അളവ് (കിലോ ഗ്രാം) | അധികം നൽകിയത് (കിലോ ഗ്രാം) |
|---|---|---|---|---|---|
| വെങ്കലപ്പാടം പാടശേഖര സമിതി | രാമൻകുട്ടിനായർ മൂലയിൽ | 50 സെന്റ് | 50 | 15 | 35 |
| | സൂര്യനാരായണൻ മൂലയിൽ | 80സെൻറ് | 40 | 24 | 16 |
| | ചങ്ങുതൊടി ശിവരാമൻ | 40സെന്റ് | 15 | 12 | 3 |
| | മണിയാണി മണികണ്ഠൻ | 20സെന്റ് | 15 | 6 | 9 |
| | കിഴക്കേ വാരിയത്ത് | 1.20ഏക്ര | 80 | 36 | 44 |

| | | | | | |
|---|---|---|---|---|---|
| | സത്യഭാമ വാരസ്യാർ | | | | |
| | ശിവകുമാർ നിത്യശ്രീ | 1 ഏക്ര | 45 | 30 | 15 |
| | തേക്കിൻകാട്ടിൽ അയ്യപ്പൻകുട്ടി | 50സെന്റ് | 80 | 15 | 65 |
| | രാമൻനമ്പൂതിരി കോനാട്ടുമന | 20സെന്റ് | 15 | 6 | 9 |
| | തേക്കിൻകാട്ടിൽ രാജലക്ഷ്മി | 40സെന്റ് | 20 | 12 | 8 |
| മാത്തൂർ കിഴിയപ്പാടം പാടശേഖര സമിതി | സുകുമാരനുണ്ണി | 1 ഏക്ര | 40 | 30 | 10 |
| | സുബ്രഹ്മണ്യൻ | 2.2.ഏക്ര | 80 | 66 | 14 |
| തലയണക്കാട് പാടശേഖര സമിതി | കണ്ടംതൊടി നാരായണൻ | 31സെന്റ് | 30 | 9 | 21 |
| | ആനന്ദ് പള്ളിപ്പുറം | 44സെന്റ് | 30 | 13 | 17 |
| | ബാലകൃഷ്ണൻ പള്ളിപ്പുറം | 37സെന്റ് | 20 | 11 | 9 |
| | ധർമപാലൻ പള്ളിപ്പുറം | 1.5ഏക്ര | 60 | 45 | 15 |
| | രവീന്ദ്രൻ താമല്ലൂർ | 60സെന്റ് | 30 | 18 | 12 |
| | മോഹനൻ താമല്ലൂർ | 35സെന്റ് | 30 | 11 | 19 |
| | കൊടിയ, ഇുവ്വക്കാട് | 75സെന്റ് | 40 | 23 | 17 |
| | ശശിമോഹൻ, പുളിയാണ്ട | 60സെന്റ് | 30 | 18 | 12 |
| | ലക്ഷ്മണൻ, മാങ്കുഴി | 70സെന്റ് | 30 | 21 | 9 |
| വലമ്പിലി മംഗലം പാടശേഖര സമിതി | വിശ്വനാഥൻ മഠത്തിൽ | 1ഏക്ര | 45 | 30 | 15 |
| | ഗോപാലകൃഷ്ണൻ, കക്കുഴി | 40സെന്റ് | 35 | 12 | 23 |

| | | | | | |
|---|---|---|---|---|---|
| ചൂണ്ടക്കൽ പാടശേഖര സമിതി | ഉഷ പുത്തൻവീട്ടിൽ | 50സെന്റ് | 25 | 15 | 10 |
| | രാമകൃഷ്ണൻ, ക്കുറ്റംപാറ | 60സെന്റ് | 25 | 18 | 7 |
| കൊടുങ്ങൻ പാടശേഖരം | കൃഷ്ണൻവൈദ്യർ തട്ടാരുതൊടി | 91സെന്റ് | 50 | 27 | 23 |
| പുഞ്ചപ്പാടം പാടശേഖര സമിതി | സി.ടി.കുട്ടൻ | 1.30സെന്റ് | 120 | 39 | 81 |
| | സോമസുന്ദരൻ എറക്കാട്ടിൽ | 1.5 ഏക്ര | 90 | 45 | 45 |
| | വാസു പിഷാരത്ത്കുന്ന് | 60സെന്റ് | 30 | 18 | 12 |
| | കുഞ്ഞിലക്ഷ്മി കുന്നിയാരത്ത് | 55സെന്റ് | 50 | 17 | 23 |
| | കുഞ്ഞിലക്ഷ്മി അമ്മാൾ | 1 ഏക്ര | 50 | 30 | 20 |
| | ഏ.ബി.ഗുപ്ത | 40സെന്റ് | 25 | 12 | 13 |
| | ബാലകൃഷ്ണൻ താമ്പിക്കൽതൊടി | 50സെന്റ് | 25 | 15 | 10 |
| | രാമകൃഷ്ണഗുപ്തൻ താമ്പിക്കൽതൊടി | 50സെന്റ് | 25 | 15 | 10 |
| | ശങ്കരഗുപ്തൻ താമ്പിക്കൽതൊടി | 30സെന്റ് | 25 | 9 | 16 |
| | ജയലക്ഷ്മി | 43സെന്റ് | 25 | 13 | 12 |
| കാളംകല്ലിങ്ങൽ പാടശേഖര സമിതി | സി.എൻ.സന്തോഷ് | 65സെന്റ് | 30 | 19 | 11 |
| | നാരായണൻനായർ | 56സെന്റ് | 65 | 17 | 48 |
| കാളം കല്ലിങ്ങൽ വടക്കും പാടശേഖര സമിതി | ഏ.ഗോപാലകൃഷ്ണൻ | 64സെന്റ് | 40 | 19 | 21 |
| | പങ്കജം | 50സെന്റ് | 25 | 15 | 10 |
| | ഉണ്ണികൃഷ്ണൻ | 50സെന്റ് | 25 | 15 | 10 |
| എടപ്പള്ളി പാടശേഖര സമിതി | നാരായണഗുപ്തൻ | 42സെന്റ് | 30 | 12 | 18 |

| | | | | | |
|---|---|---|---|---|---|
| | കല്ലിത്തൊടി അമ്മാളുക്കുട്ടി | 38സെന്റ് | 45 | 11 | 34 |
| പെരുംകൊല്ലം പാടശേഖര സമിതി | കുണ്ടുതൊടി രാമദാസൻ | 35സെന്റ് | 35 | 11 | 24 |
| ആകെ അധികം നൽകിയ നെൽവിത്തിന്റെ അളവ് | | | | | 855 |

അനുവദനീയമായതിനേക്കാൾ അധികം നൽകിയ നെൽവിത്തിന്റെ അളവ് 855കിലോഗ്രാമിന് 40രൂ. നിരക്കിൽ ആകെ 34200രൂ. സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.14/1-11-18 കാണുക).

## 3-2 എം.ബുക്കിൽ അധികം അളവ് രേഖപ്പെടുത്തിയിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്

കൺവീനർ നിർവ്വഹിച്ച താഴെസൂചിപ്പിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ സാധനങ്ങൾ വാങ്ങിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 209/18- കോട്ടപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ, ഫണ്ട് ഇനം | 40,000രൂ , ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| എഗ്രിമെന്റ് നം, തീയ്യതി | 121/17-18/AE/LSGD/SKPM dt. 15-3-2018 |
| കൺവീനർ | ബഷീർ .എ. പി. |
| പ്രവൃത്തി മൂല്യം | 40000/- |
| എം.ബുക്ക് | 59/17-18 |
| ബിൽ നം.തീയ്യതി, തുക | 137/28-3-2018, Rs. 40000 |

മേൽ പറഞ്ഞ പ്രവൃത്തിക്ക് വേണ്ടി 63mm വ്യാസമുള്ള പി.വി.സി. പൈപ്പ് 154മീറ്റർ സ്ഥാപിച്ചതായി എം. ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൺവീനർ സമർപ്പിച്ചിട്ടുള്ള സാധനങ്ങളുടെ ബിൽ പ്രകാരം 100മീററർ മാത്രമാണ് പി.വി.സി. പൈപ്പ് വാങ്ങിയിട്ടുള്ളത്. കൂടാതെ കൺവീനർ സമർപ്പിച്ചിട്ടുള്ള കണക്കുകളിലും ആകെ 100മീറ്റർ

പി.വി.സി. പൈപ്പ് മാത്രമാണ് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങിയ പൈപ്പിന്റെ അളവിനേക്കാൾ കൂടുതൽ സ്ഥാപിച്ചു എന്ന് എം.ബുക്കിൽ രേഖപ്പെടുത്തുന്നത് ക്രമപ്രകാരമല്ല. . ആയതിനാൽ മേൽപ്രവൃത്തിയിൽ താഴെപ്പറയും പ്രകാരം അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 40000 (ലിമിറ്റ് ചെയ്തത്) |
| യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്ത അളവ് | 100മീ. |
| നിരക്ക് | 261.27/m |
| അനുവദിക്കാവുന്ന തുക | 26127രൂ.(100x261.27) |
| അനുവദിച്ച തുക | 40000 |
| അധികം അനുവദിച്ചത് | 13873രൂ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/29-10-2018ന് ലഭ്യമാക്കിയ മറുപടിയിൽ എം. ബുക്കിൽ രേഖപ്പെടുത്തിയ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 27-10-2018ൽ നടത്തിയ സ്ഥല പരിശോധനയിലും 100 മീറ്ററിൽ കൂടുതൽ പൈപ്പ് സ്ഥാപിച്ചതായി കണ്ടെത്തായിട്ടില്ല. ആയതിനാൽ അധികം നൽകിയ തുക 13873 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-3 അങ്കണവാടിയിലേക്ക് ടാങ്ക് വിതരണം - ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിലവിൽ ടാങ്കും മറ്റു സംവിധാനങ്ങളും ഉണ്ടായിരുന്ന അംഗൻവാടിയിൽ വീണ്ടും ടാങ്ക് നൽകിയിരിക്കുന്നു. മറ്റൊരു അംഗൻവാടിയിൽ നൽകിയിരിക്കുന്ന ടാങ്കും സ്റ്റാന്റും നിലവിൽ ഉപയോഗമില്ലാതെ ഇരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO134/18, അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ആൻറ് പ്ലംബിംഗ് |
| അടങ്കൽ, ഫണ്ട് ഇനം | 35,00,000 രൂ. M.G(NR) |
| എഗ്രിമെന്റ് നം,തീയ്യതി | 124/17-18/AE/LSGD/SKP/ Dt.24-3-2017 |
| കോൺട്രാക്ടർ | ഇ.കെ. സുലൈമാൻ |
| പ്രവൃത്തി മൂല്യം | 350000 |
| എം.ബുക്ക് | 482/17, 481/17 |
| ബിൽ നം. തീയ്യതി, തുക | 38/27/9/17—Rs. 350000 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 5 അംഗൻവാടികളിലേക്ക് സ്റ്റാന്റും വാട്ടർടാങ്കും പൈപ്പ് കണക്ഷനും ആണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 7 അങ്കണവാടികളിലേക്ക് ടാങ്ക് നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് സ്ഥല പരിശോധന നടത്തിയപ്പോൾ പെരുമാങ്ങോട് അങ്കണവാടിയിൽ ടാങ്ക് നൽകിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. കൂടാതെ പ്ലംബിംഗ് പ്രവൃത്തികളും മോട്ടോറും എല്ലാം നിലവിലുള്ളതായി കാണുന്നു. ഈ അങ്കണവാടിയിൽ നിലവിൽ 500ലിറ്ററിന്റെ ടാങ്ക് ഉണ്ടായിരുന്നതാണ് എന്ന് അങ്കണവാടി ടീച്ചർ അറിയിച്ചിട്ടുണ്ട്. ആയത് മാറ്റിയാണ് 1000ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചിട്ടുള്ളത്. ഹാജർ പുസ്തകം പ്രകാരം ആകെ 7 കുട്ടികളാണ് അങ്കണവാടിയിൽ ഉള്ളത്. അവർക്ക് 500ലിറ്ററിന്റെ ടാങ്ക് മതിയാകുന്നതാണ്. ആയതിനാൽ നിലവിൽ ടാങ്കും മറ്റ് സംവിധാനങ്ങളും ഉള്ള അങ്കണവാടികളിലേക്ക് വീണ്ടും ടാങ്ക് നൽകുന്നത് ക്രമപ്രകാരമല്ല. കൂടാതെ നിലവിലുണ്ടായിരുന്ന ടാങ്ക് പഞ്ചായത്തിൽ തിരിച്ച് ഏൽപിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/29-10-2018ന് ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടിയിൽ നടത്തിയ പ്ലംബിംഗ് പ്രവൃത്തി എം.ബുക്കിൽ രേഖപ്പെടുത്തിയില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ടി മറുപടി അംഗീകരിക്കുന്നില്ല.

കാനായിൽത്തൊടി അങ്കണവാടിയിൽ സ്റ്റാന്റും ടാങ്കും സ്ഥാപിച്ചിട്ടുണ്ട് . എന്നാൽ മോട്ടോർ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ടാങ്കിലേക്ക് വെള്ളം എത്തുന്നതിന് സംവിധാനമില്ലാതെ ആയത് നിഷ്ക്രിയമായി ഇരിക്കയാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട പദ്ധതികൾ ചെയ്യുമ്പോൾ ആയത് ഉപയോഗക്ഷമമാക്കുന്നതിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിക്കണം എന്ന പദ്ധതി മാർഗ്ഗനിർദ്ദേശം പാലിച്ച് കാണുന്നില്ല. കൂടാതെ ഇതേ സ്ഥലത്ത് അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മാണം നടന്നുകൊണ്ടിരിക്കയാണ്. നിലവിൽ കുട്ടികൾ ഇവിടെ പഠിക്കുന്നില്ല. ആയതിനാൽ ഈ സ്ഥലത്ത് ടാങ്കും സ്റ്റാന്റും നിർമിച്ചിട്ടുണ്ടെങ്കിലും ആയതുകൊണ്ട് നിലവിൽ യാതൊരു പ്രയോജനവും ഇല്ലാത്ത അവസ്ഥയിലാണ് ഉള്ളത്.

മേല്പറഞ്ഞ കാരണങ്ങളാൽ ആകെ ചെലവ് തുക 350000രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കറമ്പറ്റ റോഡ് നവീകരണം. പ്രവൃത്തിക്ക് ആവശ്യമായ ഇനങ്ങൾ ഒഴിവാക്കിയിരിക്കുന്നു

കറമ്പറ്റ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് തൻവർഷം 2 പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | കറമ്പറ്റ റോഡ് നവീകരണം | |
|---|---|---|
| | പ്രോജക്ട് -- 1 | പ്രോജക്ട് --2 |
| അടങ്കൽ, ഫണ്ട് ഇനം | 200000 – M.G (R) | 1,50,000 -M.G (R) |

| | | |
|---|---|---|
| എഗ്രിമെന്റ് നം, തീയ്യതി | 42/16-17/A.E/LSGD/Skpm, Dt. 19/12/16 | 119/16-17/A.E/LSGD/Skpm, Dt. 18/3/17 |
| കരാറുകാരൻ | അബ്ദുൾ കാസിം | അബ്ദുൾ കാസിം |
| പ്രവൃത്തി മൂല്യം | 200000 | 149725 |
| എം.ബുക്ക് | 470/17 | 472/17 |
| ബിൽ നം. തീയ്യതി, തുക | 18/17-18/ 19-6-2017, 2,00,000 | 16/17-18/19-6-2017,75671<br>17/17-18/19-6-2017, 74054 |

1. ആദ്യ പ്രോജക്ടിൽ റീട്ടെയിനിംഗ് വാൾ നിർമാണത്തിന് ആവശ്യമായ മൺപണിയും Dry Rubble Masonry യും ആയതിന് മുകളിൽ കോൺക്രീറ്റ് പ്ലാസ്റ്ററിങ്ങും ആണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി നിർവ്വഹിച്ചപ്പോൾ Dry Rubble Masonry ക്ക് മുകളിലുള്ള സിമന്റ് കോൺക്രീറ്റ്, ആയതിന് ആവശ്യമായ ഫോം വർക്ക് എന്നിവ ചെയ്തിട്ടില്ല. ഇത് കാരണം കരിങ്കൽക്കെട്ടിന്റെ മുകൾഭാഗത്തെ കല്ലുകൾ ഇളകി പോകാൻ സാധ്യതയുണ്ട്.

അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ ഒഴിവാക്കുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ Revised Estimate തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ടി പ്രവൃത്തിയിൽ ഇപ്രകാരം Revised Estimate തയ്യാറാക്കിയിട്ടില്ല.

പ്രവൃത്തി രണ്ടിൽ 64മീറ്റർ അടിത്തറയും ആയതിന് മുകളിൽ 29മീറ്റർ Super structure ഉം ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരുന്നു എങ്കിലും ആയതിന് മുകളിൽ കോൺക്രീറ്റ് പ്ലാസ്റ്ററിങ്ങ് നടത്തിയിട്ടില്ല. ആയതിനാൽ കല്ലുകൾ ഇളകി പോകാൻ സാധ്യതയുണ്ട്.ടി പ്രവൃത്തിയുടെ 29മീറ്റർ നീളത്തിൽ മാത്രമാണ് Super structure ചെയ്തിട്ടുള്ളത്. മറ്റ് ഭാഗത്ത് 30സെ.മി. ഉയരത്തിൽ അടിത്തറ മാത്രമേ ചെയ്തിട്ടുള്ളൂ. എന്നാൽ Super structure ചെയ്യാത്ത ഭാഗത്തും മണ്ണ് ഫില്ലിംഗ് 65 സെ.മി ഉയരത്തിൽ ചെയ്തിരിക്കുന്നു. ആയതിനാൽ ടി ഭാഗത്ത് നിരത്തിയ മണ്ണ് ഒലിച്ച് പോകാൻ സാധ്യതയുണ്ട്.

മരാമത്ത് പ്രവൃത്തികൾ ചെയ്യുമ്പോൾ ആവശ്യമായ എല്ലാഇനങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-5 ഓഡിറ്റ് ഇംപാക്ട്--കരാറുകാരന് അധികം നൽകിയ തുക തിരികെ അടവാക്കി

നിർവ്വഹണോദ്യോഗസ്ഥൻ-- സെക്രട്ടറി

പ്രോജക്റ്റ്--ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങൽ (187/18)

അടങ്കൽ--31300/-

ചെലവ്-- 26194/-

മേൽപറഞ്ഞ ആവശ്യത്തിലേക്ക് 5 1/2 അടി സ്റ്റീൽ അലമാര-1, S.S 3 സീറ്റർ-1 എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കുകയും R.V ഹോം നീഡ്സ്, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനം സമർപ്പിച്ച 13,300/-രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ 14.3.18ന് ടി.സ്ഥാപനം 15,694/- രൂപയുടെ ഇൻവോയിസ് സമർപ്പിക്കുകയും അതനുസരിച്ച് തുക നൽകുകയുമാണ് ചെയ്തിരിക്കുന്നത് (ബിൽ നം.43/28.3.18). ഇതുമൂലം പഞ്ചായത്തിന് 2394/- രൂപയുടെ നഷ്ടം സംഭവിച്ചു(15,694-13300).

ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം2/25.10.18) യിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുക 2394/-രൂപ സെക്രട്ടറി തിരികെ അടവാക്കി (രസീതി നം.118050103907/28.10.18)

# 3-6 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 ൽ സൈക്കിൾ, ഫർണീച്ചർ,ലാപ് ടോപ്പ്, വാട്ടർ ടാങ്ക് എന്നിവ വാങ്ങി നൽകുന്നതിനായി 4 പ്രൊജക്റ്റുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ്/ബിൽ നമ്പർ | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 35/18- എസ്.സി വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 324515 | 324515<br>(2/17-18 തിയ്യതി 26.9.17) | 65 |
| 35/18- എസ്.സി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 175800 | 175800<br>(4/17-18 തിയ്യതി 6.1.18) | 6 |
| 36/18-എസ്.സി വിഭാഗ ത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നല്കൽ | 617300 | 617300<br>(6/17-18 തിയ്യതി 3.3.18) | 134 |
| 83/18- എസ്.സി വിഭാഗ ത്തിൽ പ്പെട്ട ഗുണഭോക്താക്കൾക്ക് പി.വി.സി.വാട്ടർടാങ്ക് വിതരണം | 558000<br>(പദ്ധതി വിഹിതം- 418500 | 558000<br>(3/17-18 dt 23.10.17-299700<br>5/17-18 dt | 155 |

| | | | |
|---|---|---|---|
| | ഗ്ര.വി-139500) | 3.3.18 -118800 | |

7.4.17 ന് ചേർന്ന ക്ഷേമകാര്യ സമിതിയുടെ 1(1) നമ്പർ തീരുമാനപ്രകാരമാണ് മേൽ പറഞ്ഞ പ്രൊജക്ടുകൾ അംഗീകരിച്ചത്. തൻവർഷം ആകെ 360പട്ടികജാതി ഗുണഭോക്താക്കൾക്ക് മേൽ പറഞ്ഞ പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റന്റിംഗ് കമ്മിറ്റി എന്നിവ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 മൃഗസംരക്ഷണ മേഖലയിലെ പ്രൊജക്ടുകളുടെ അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട്-1994ലെ 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ മൃഗസംരക്ഷണ മേഖലയിലെ ചുമതലകൾ വ്യക്തമാക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവൽസരക്കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഗർഭിണി പശുക്കൾക്ക് കാലിതീറ്റ നൽകുക, തൊഴുത്തിൽ റബ്ബർ ഷീറ്റ് ഇടുക, ബാങ്ക് വായ്പയോടുകൂടിയ കറവപശു വളർത്തൽ പ്രൊജക്ട് എന്നീ പ്രവർത്തനങ്ങൾ നടത്തുകയാണ് ലക്ഷ്യമെന്ന് മൃഗസംരക്ഷണമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കു കീഴിലുള്ള മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ഭരണ സമിതിയിലേയ്ക്ക് ശുപാർശ ചെയ്യുക മാത്രമാണ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയ്തിട്ടുള്ളത്. യോഗങ്ങളുടെ മിനിട്സുകളിൽ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തിയതായുള്ള രേഖപ്പെടുത്തലുകളൊന്നുമില്ല. പശു വിതരണത്തിനുള്ള 2 പദ്ധതികളും കന്നുകുട്ടി പരിപാലന പദ്ധതിയുമാണ് തൻവർഷം അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയത്. വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച 4 പദ്ധതികളിൽ 3 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് -ക്ഷീരധാര -പശു വിതരണം (ജനറൽ)

പ്രൊജക്ട് നമ്പർ -28

അടങ്കൽ-35,00,000 (പദ്ധതി വിഹിതം-17,50,000 ഗു.വി-17,50,000)

ചെലവ്-32,00,000 (പദ്ധതി വിഹിതം- 16,00,000 ഗു.വി-16,00,000)

ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പ്രതിദിനം 10 ലിറ്ററിൽ കുറയാതെ പാലുള്ള കറവപശുവിനെ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങി

ഗുണഭോക്താവിന് വിതരണം ചെയ്യുന്നതാണ് പ്രൊജക്ട്. ഒരാൾക്ക് ഗുണഭോക്തൃ വിഹിതം 25000 രൂപയും പഞ്ചായത്ത് വിഹിതം 25000 രൂപയും ഉൾപ്പെടെ 50000 രൂപയാണ് യൂണിറ്റ് ചെലവ്. 70 ഗുണഭോക്താക്കൾക്കായി 17,50,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും 64 ഗുണഭോക്താക്കൾക്കായി 16,00,000 രൂപയാണ് താഴെ പറയും പ്രകാരം പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചത്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 2/17-18 dt 18.11.17 | 2,25,000 | 9 |
| 2 | 3/17-18 dt 6.1.18 | 1,25,000 | 5 |
| 3 | 4/17-18 dt 23.1.18 | 1,25,000 | 5 |
| 4 | 5/17-18 dt 30.1.18 | 1,25,000 | 5 |
| 5 | 6/17-18 dt 8.2.18 | 2,00,000 | 8 |
| 6 | 7/17-18 dt 17.2.18 | 2,00,000 | 8 |
| 7 | 8/17-18 dt 28.2.18 | 2,25,000 | 9 |
| 8 | 10/17-18 dt 20.3.18 | 75,000 | 3 |
| 9 | 13/17-18 dt 24.3.18 | 2,25,000 | 9 |
| 10 | 14/17-18 dt 28.3.18 | 75,000 | 3 |
| | | 16,00,000 | 64 |

2. ക്ഷീരധാര പശു വിതരണം-എസ്.സി.പി

അടങ്കൽ -10,00,000

ചെലവ് - 9,00,000

പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പ്രതിദിനം 8 ലിറ്ററിൽ കുറയാതെ പാലുള്ള കറവപശുവിനെ പർച്ചേസ് സമിതി മുഖേന വാങ്ങി വിതരണം ചെയ്യാനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. ഗുണഭോക്തൃ വിഹിതം ഒരാൾക്ക് 10000 രൂപയും പഞ്ചായത്ത് വിഹിതം 30000 രൂപയും ഉൾപ്പെടെ 40000 രൂപയാണ് യൂണിറ്റ് ചെലവ്. 25 ഗുണഭോക്താക്കൾക്കായി 7,50,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും 22 ഗുണഭോക്താക്കൾക്കായി 6,60,000 രൂപയാണ് താഴെ പറയും പ്രകാരം പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചത്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 1/17-18 dt 18.11.17 | 1,80,000 | 6 |
| 2 | 9/17-18 dt 14.3.18 | 3,30,000 | 11 |
| 3 | 11/17-18 dt 20.3.18 | 1,50,000 | 5 |
| | | 6,60,000 | 22 |

സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 80/17/തസ്വഭവ തീയ്യതി 3.4.17 പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ച കൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേരും കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് എഴുതാത്തതിനാൽ മുൻവർഷം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. വെറ്ററിനറി ഡോക്ടർ പശുവിനെ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി പദ്ധതി തുക വകയിരുത്തേണ്ടതും പദ്ധതി തുക പാഴായി പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. <u>കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരം ലഭ്യമായിട്ടില്ല</u>

പ്രൊജക്ട് - 32/18

അടങ്കൽ - 312500(പദ്ധതിഫണ്ട്)

ചെലവ് - 312500

ബിൽ നമ്പർ - 12/22.3.18

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് 50 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹ 312500/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രോഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-8 <u>പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 262 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 114625/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ നാളിതുവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയത്തിന്മേലുള്ള നിർദ്ദേശങ്ങളിന്മേൽ ഭാഗികമായി ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ രീതിയിലുള്ള നേട്ടം കൈവരിച്ചിട്ടില്ല. ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ രേഖകളിൽ ഇല്ല. സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് (കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പ്രൊവിഷണൽ ഇൻവോയ്സ് കാർഡ്) താഴെ പറയും പ്രകാരമുള്ള തെരുവുവിളക്കുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്.

| ക്രമ നം | ഇനം | എണ്ണം | നിലവിലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|
| 1 | സാധാരണ ലാംപ് | 212 | 167 | 35404 |
| 2 | സി.എഫ്.എൽ | 45 | 32 | 1440 |
| 3 | സി.എഫ്.എൽ | 15 | 64 | 960 |
| 4 | 2x40 flu.tube | 15 | 134 | 2010 |
| 5 | സോഡിയം വേപ്പർ ലാംപ് | 12 | 447 | 5364 |
| ആകെ | | 299 | | 45178 |

ഇതു കൂടാതെ 8 ഹൈമാസ്റ്റ് ലാംപുകളും പഞ്ചായത്ത് പരിധിയിലുണ്ട്. പ്രതിമാസ വൈദ്യുതി ചാർജ് 40728/- രൂപയാണ്.

<u>ബി.ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.
2. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള 12 സോഡിയം വേപ്പർ ലാമ്പുകളും ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.
5. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 3-10 <u>ആശ്രയ പദ്ധതികളുടെ പ്രവർത്തനം- അവലോകനം</u>

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ് /12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് രണ്ടാം ഘട്ടത്തിൽ തയ്യാറാക്കിയ ആശ്രയ പ്രൊജക്ടിന്റെ സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 4 കുടുംബങ്ങൾക്ക് ഭവനം | 2,50,000 രൂപ പ്രകാരം 4*2,50,000 | 10,00,000 | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് |
| 62കുടുംബങ്ങൾക്ക് വീട് റിപ്പയർ | 25000 രൂപ പ്രകാരം 62*25000 | 15,50,000 | ” |
| 3 കുടുംബങ്ങൾക്ക് സ്ഥലം | 1,50,000 രൂപ പ്രകാരം 3*1,50,000 | 4,50,000 | ” |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട ലിസ്റ്റിൽ 131 അഗതി കുടുംബങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ , ഒന്നാം ഘട്ട മോണിറ്ററിങ്ങ് എന്നിവയെപ്പറ്റിയുള്ള രേഖപ്പെടുത്തലുകളില്ല.

2017-18 സാമ്പത്തിക വർഷം 4 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിനായി 1 ലക്ഷം രൂപ വകയിരുത്തിയത് മുഴുവനായി ചെലവഴിച്ചിട്ടുണ്ട്. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി കൃത്യമായ സർവ്വെ നടത്തി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രണ്ടാം ഘട്ടം അവസാനിക്കുമ്പോൾ സ്ഥലം, ഭവനം എന്നീ ആനുകൂല്യങ്ങൾ ലഭിക്കാത്ത അർഹരായ ആശ്രയ ഗുണഭോക്താക്കൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-11 സുമംഗലി വിവാഹ ധനസഹായം - സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് - 45/18

അടങ്കൽ - 1500000 (പദ്ധതി ഫണ്ട്)

ചെലവ് - 1500000

സുമംഗലി വിവാഹ ധനസഹായം എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ-45) 2017-18 ൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/ തീയ്യതി |
|---|---|---|
| 1 | സരിത.കെ.സി<br>കാവുങ്ങലത്തൊടി<br>ശ്രീകൃഷ്ണപുരം | 1/17-18 dt. 23.8.17 |
| 2 | ശ്രീജ.പി<br>പൂതക്കാട്ടുപറമ്പിൽ<br>കുളക്കാട്ടുകുർശ്ശി | 3/17-18 dt. 20.9.17 |
| 3 | സൂര്യ<br>വഴനിക്കാകുന്നിൽ | |

| | | |
|---|---|---|
| | കുളക്കാട്ടുകുർശ്ശി | |
| 4 | കൃഷ്ണപ്രിയ<br>താഴത്തേപുരക്കൽ<br>മണ്ണമ്പറ്റ പി.ഒ | 4/17-18 dt. 19.11.17 |
| 5 | രാജി.കെ<br>കാരപള്ളയിൽ<br>പുഞ്ചപാടം | |
| 6 | ഗോപിക.സി<br>ചുവന്നപറമ്പിൽ<br>ശ്രീകൃഷ്ണപുരം | |
| 7 | പ്രിയങ്ക<br>മേലെ മുണ്ടക്കോട്<br>ശ്രീകൃഷ്ണപുരം | 8/17-18 dt. 6.3.18 |
| 8 | സൗമ്യ വി.സി<br>വടക്കേക്കര<br>വലമ്പിലി മംഗലം<br>ശ്രീകൃഷ്ണപുരം | |
| 9 | വിനീത വി.സി<br>വടക്കരിക്കുന്ന്<br>വലമ്പലി മംഗലം | |

പ്രസ്തുത ഗുണഭോക്താക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/29.10.18) രേഖകൾ ഹാജരാക്കാമെന്ന മറുപടിയാണ് സമർപ്പിച്ചത്. ഒരു ഗുണഭോക്താവിന് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകിയിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-12 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ

സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 29.6.17 ന് മാത്രമാണ് ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിനുള്ള ലാബ് റിപ്പോർട്ട് പ്രസ്തുത കാലയളവിൽ ലഭ്യമായിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശു വികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-13 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീ ചാർജ് പരിപാടി നടപ്പിലാക്കിയതിലെ അപാകതകൾ

എം.ജി.എൻ.ആർ.ജി.എസ് പദ്ധതിയുടെ ഭാഗമായി തൻവർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ കിണർ റീ ചാർജിംങ് പരിപാടി താഴെ പറയുന്ന വ്യക്തികളുടെ പുരയിടങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തൊഴിൽ കാർഡ് നം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | അനിത | 11/159 | 7120 |
| 2 | പദ്മനാഭൻ | 11/99 | 6060 |
| 3 | സുകുമാരൻ | 11/18 | 7120 |
| 4 | കെ.പി.സന്തോഷ് കുമാർ | 14/191 | 6060 |
| 5 | പി.രാമചന്ദ്രൻ | 14/192 | 6060 |
| 6 | വിജു | 12/207 | 6060 |
| 7 | കൃഷ്ണകുമാർ | 14/96 | 6060 |
| 8 | ശാന്തകുമാരി | 14/89 | 6060 |

ഈ പരിപാടിയുടെ മാനദണ്ഡമനുസരിച്ച് പദ്ധതി ഗുണഭോക്താക്കൾ തൊഴിലുറപ്പ്

പദ്ധതിയിൽ തൊഴിൽകാർഡ് എടുത്തിട്ടുള്ളവരാകേണ്ടതും അവർ അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജിംങ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കേണ്ടതുമാണ്. എന്നാൽ മേൽ പറഞ്ഞവരാരും തന്നെ വിദഗ്ധ-അവിദഗ്ധ തൊഴിലാളിയായി അവരവരുടെ പുരയിടങ്ങളിൽ നടന്ന റീ ചാർജിംങ് പ്രവൃത്തിയിൽ പങ്കാളികളായിട്ടില്ല.

റീ ചാർജിനാവശ്യമായ കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തേണ്ടതാണ്. പദ്ധതിയിൻ കീഴിൽ മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ചെയ്തിട്ടുള്ള കുടുംബങ്ങളിൽനിന്നും തൊഴിലാളികളെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അവർക്ക് കൃത്യമായി പ്രവർത്തനമേഖലകൾ തിരിച്ചുകൊടുത്ത് റി ചാർജിംങിന് ആവശ്യമായ വിദഗ്ധതൊഴിൽ ചെയ്യിക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണെന്ന വസ്തുത അവരെ അറിയിക്കേണ്ടതും അതോടൊപ്പം സമ്മതപത്രം ഒപ്പിട്ടുവാങ്ങി സൂക്ഷിക്കേണ്ടതുമാണ്.ഇക്കാര്യങ്ങളിലൊന്നും അധികൃതർ ശ്രദ്ധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽപറഞ്ഞ മാനദണ്ഡങ്ങൾ കൂടി പരിഗണിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 250000 | സമഗ്ര നെൽകൃഷി വികസനം (പ്രോജ.നം.198/18) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | | 250000 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഭിന്നശേഷി സ്കോളർഷിപ്പ് (പ്രോജ.നം43/18) | 276897 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 126897 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജ.നം.33/18) | 200000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കോളനിക ളിലേക്ക് പൈപ്പ് ലൈൻ (190/18) | 21701103/25-9-17 | 1041000 | ചെലവ് വിശദാംശ ങ്ങൾ ലഭ്യമല്ല |
| ---ടി--- | കുടിവെള്ളപൈപ്പ് ലൈൻ(191/18) | 21701085/25-9-17<br>21701088/26-10-17 | 1689648<br>409227<br>2098875 | ------ടി------- |
| ---ടി--- | അങ്കണവാടികളിലേക്ക് വാട്ടർ കണക്ഷൻ (183/18) | 21701091/26.10.17 | 200000 | 178812/- |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് വായ്പ/വായ്പാ തിരിച്ചടവ് ഇനത്തിൽ തുകയൊന്നും

വിനിയോഗിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 3-4 | 1950 | സി.എൻ.സത്യൻ, സെക്രട്ടറി | 117050100637/ 29-05-17 |
| ആകെ | | 1950 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ യുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 1-13 | 2016-17 | 9.3.2 | കുടിവെള്ള പദ്ധതികളുടെ പരിപാലനം മൂലം അധിക ബാധ്യതഉണ്ടായത് സംബന്ധിച്ച് | വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78463656<br>(മുന്നിരിപ്പുൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73023496 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48073/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 350000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 34200/- | എസ്.ശ്രീകുമാർ<br>കൃഷി ഓഫീസർ |
| 3-2 | | 13873/- | കെ.പി.ബാലകൃഷ്ണൻ<br>അസി.എഞ്ചിനീയർ |

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 350000/- | കെ.പി.ബാലകൃഷ്ണൻ,<br>അസി.എഞ്ചിനീയർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീകുമാർ എസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | കലാഭവൻ,<br>ആരംപുന്ന,<br>എളംപാൾ പി.ഒ,<br>പുനത്തൂർ,<br>കൊല്ലം ജില്ല |
| കെ.പി.ബാലകൃഷ്ണൻ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | കോട്ടപ്പടി ഹൗസ്,<br>കടമ്പഴിപ്പുറം പി.ഒ,<br>പാലക്കാട് ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | LF.P6/25/2000/16.10.2000 | പുനരഭിപ്രായം |
| 1999-00 | LF.P8/1662/08/17.4.2009 | പുനരഭിപ്രായം |
| 2000-01 | LF.P6/1137/2003/13.2.2004/10.3.2004 | പുനരഭിപ്രായം |
| 2001-02 | LF.P8/1574/2008/6.3.2009 | കത്ത് |
| 2002-03 | LF.P6/942(1)/2004/7.12.2009 | പുനരഭിപ്രായം |
| 2003-04 | LF.P8/1663/08/3.4.2009 | പുനരഭിപ്രായം |
| 2004-05 | LF.P8/786/14/3.7.2014 | പുനരഭിപ്രായം |
| 2005-06 | LF.P8/778/14/11.8.2014 | പുനരഭിപ്രായം |
| 2006-07 | LF.P8/356/12/29.3.2012 | ശുദ്ധിപത്രം |

| | | |
|---|---|---|
| 2007-08 | LF.P12/748/14/3.6.14 | പുനരഭിപ്രായം |
| 2008-09 | LF.P12/736/14/9.5.2014 | പുനരഭിപ്രായം |
| 2009-10<br>2010-11 | LF.P12/1212/14/10.7.2014 | പുനരഭിപ്രായം |
| 2011-12 | | |
| 2012-13 | L.F.P12/1932/14/8.12.2014 | പുനരഭിപ്രായം |
| 2013-14 &<br>2014-15 | KSA PKD-12/951/2016 dt.29.06-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD 12/2323/16 dt. 29.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD .12-1540/17 dt.06-102017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
4. ബി.ഫണ്ട് തുകകൾ,തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ, സംയുക്ത പ്രോജക്ടിനുള്ള തുകകൾ എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
5. ഡെപ്പോസിറ്റ് വർക്കുകൾക്കുവേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ "Advance to implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
6. SBI അക്കൗണ്ട് നമ്പർ 57047336503(RCH)-ന്റെ ബാങ്ക്ബുക്ക് പ്രകാരം 43867/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് ഒന്നുമില്ല. 43867/-രൂപ 28.8.2015 ന് ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## വരവ്-ചെലവ്-കുടിശ്ശിക ഓഡിറ്റഡ് പത്രികകൾ

| | RECEIPT & PAYMENT STATEMENT | | |
|---|---|---|---|
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7688733.00 |
| Cash | Cash | RP-40(a) | 247081.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1424060.00 |
| 130000000 | Rental income from Panchayat Properties | RP-3 | 102100.00 |
| 140000000 | Fees & User Charges | RP-4 | 269499.00 |
| 150000000 | Sale & Hire Charges | RP-5 | 200043.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57232096.00 |
| 171000000 | Interest Earned | RP-9 | 131349.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6738104.00 |
| 350000000 | Other Liabilities | RP-36 | 99603.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2354.00 |
| 311000000 | Earmarked Funds | RP-29 | 321.00 |
| 340000000 | Deposits Received | RP-34 | 706337.00 |
| 350000000 | Other Liabilities | RP-36 | 145581.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3269995.00 |
| 460000000 | Loans, Advances and Deposits | RP-47 | 206400.00 |
| | **Grand total** | | **78463656.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3879245.00 |
| 220000000 | Administrative Expenses | RP-12 | 746002.00 |
| 230000000 | Operations & Maintenance | RP-13 | 3042051.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7365875.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12683856.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1969182.00 |
| 253000000 | Decentralised Plan Programme- Projects not included in<br><br>Sector Division | RP-18 | 2082753.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 27360.00 |
| 255000000 | Maintenance Projects | RP-20 | 7240313.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 46500.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0.0 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 3610819.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1154.00 |
| 311000000 | Earmarked Funds | RP-29 | 5000.00 |
| 340000000 | Deposits Received | RP-34 | 451722.00 |
| 350000000 | Other Liabilities | RP-36 | 1395121.00 |
| 410000000 | Fixed Assets | RP-38 | 26223454.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 1266471.00 |
| 460000000 | Loans, Advances and Deposits | RP-47 | 986618.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 5368986.00 |
| Cash | Cash | RP-40(b) | 71174.00 |
| | **Grand Total** | | **78463656.00** |

| | INCOME & EXPENDITURE STATEMENT | | |
|---|---|---|---|
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4040774.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 855056.00 |
| 140000000 | Fee & User Charges | I-4(b) | 411191.00 |
| 150000000 | Sale & Hire Charges | I-5(b) | 200043.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 92224330.00 |
| 171000000 | Interest Earned | I-8 | 131349.00 |
| 180000000 | Other Income | I-9 | 2354.00 |
| | **Total Income** | | **97865097.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8799209.00 |
| 220000000 | Administrative Expenses | I-11(b) | 746002.00 |
| 230000000 | Operations & Maintenance | I-12(b) | 3042051.00 |
| 240000000 | Interest & Finance Charges | I-13 | 1154.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7365875.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21381640.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1969182.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2082753.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44126360.00 |
| 255000000 | Maintenance Projects | I-14(e) | 7240313.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 46500.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| | **Total Expenditure** | | **96801039.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1064058.00** |
| 280000000 | Prior Period Item | I-18 | 74866.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **989192.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | **BALANCE SHEET** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 27299736.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3269.00 |
| 312000000 | Reserves | B-3 | 58643924.00 |
| | **Total Reserve & Surplus** | | **85946929.35** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2903197.00 |
| | **Total Grants, Contributions for Specific Purposes** | | **2903197.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1004337.00 |
| 350000000 | Other Liabilities | B-9 | 663828.65 |
| | **Total Current Liabilities and Provisions** | | **1668165.65** |
| | **TOTAL LIABILITIES** | | **90518292.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 84096693.00 |
| 411000000 | Accumulated Depreciation | B-11 | -367232.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **83729461.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 1266471.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 5440160.00 |
| 460000000 | Loand, Advances and Deposits | B-18 | 82200.00 |
| | **Total Current Assets, Loans and Advances** | | **6788831.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

| | | |
|---|---|---|
| | **TOTAL ASSETS** | **90518292.00** |